# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മേയ് 8

# വാർത്താക്കുറിപ്പ്

## എം.ജി. സർവകലാശാല കാമ്പസിൽ പി.ജി. പ്രവേശനം മേയ് 11 വരെ അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ വിവിധ പഠനവകുപ്പുകളിലെയും ഇന്റർ സ്‌കൂൾ സെന്ററിലേയും പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന പരീക്ഷയ്ക്ക് (ക്യാറ്റ് എം.ജി.യു. 2020) മേയ് 11 വരെ അപേക്ഷിക്കാം. വിവിധ വിഷയങ്ങളിൽ എം.എ., എം.എസ് സി., പ്രോഗ്രാമുകളിലേക്കും എൽ.എൽ.എം., എം.ബി.എ., എം.പിഇഎസ്., എം.എഡ്. പ്രോഗ്രാമുകളിലേക്കമാണ് പ്രവേശനം. www.cat.mgu.ac.in എന്ന വെബ്‌സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ നൽകാം. എഴുത്തുപരീക്ഷ, ഗ്രൂപ്പ് ഡിസ്‌കഷൻ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. എം.ബി.എ. പ്രോഗ്രാമിലേക്ക് www.admission.mgu.ac.in എന്ന വെബ്‌സൈറ്റിലൂടെയാണ് അപേക്ഷിക്കേണ്ടത്. അപേക്ഷ ഫീസ്: 1100 രൂപ (പൊതുവിഭാഗം), 550 രൂപ (എസ്.സി./എസ്.ടി.), 1100 രൂപ (ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ട). ഫീസ് ഓൺലൈനായി അടയ്ക്കണം. എം.ബി.എ. ഒഴികെ മറ്റ് പ്രോഗ്രാമുകൾക്ക് ഒരു അപേക്ഷയിലൂടെ നാല് വിവിധ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാം. ഒന്നിലധികം അപേക്ഷകൾ (എം.ബി.എ. ഒഴികെ) നൽകുന്നവരുടെ അപേക്ഷ റദ്ദാകും.

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനം സംവരണം വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിനായി അനുവദിച്ചിട്ടുണ്ട്. ആയതിനാൽ സർവകലാശാലയുടെ പഠനവകുപ്പുകളിലെ പി.ജി. പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച ജനറൽ വിഭാഗത്തിൽപ്പെട്ടവരിൽ ഓൺലൈൻ അപേക്ഷ സമർപ്പിച്ചപ്പോൾ ഇ.ബി.എഫ്.സി. സംവരണം ക്ലെയിം ചെയ്യാത്തവർക്ക് ഇ.ഡബ്ല്യൂ.എസ് സംവരണം ആവശ്യമുണ്ടെങ്കിൽ അർഹരായവർ വെബ്‌സൈറ്റിൽ ലോഗിൻ ചെയ്ത് ഇ.ഡബ്ല്യൂ.എസ്. സംവരണം ലഭിക്കുന്നതിനുള്ള ഓപ്ഷൻ ചേർത്ത് സമർപ്പിച്ചിട്ടുള്ള അപേക്ഷ അപ്‌ഡേറ്റ് ചെയ്യാം. ഇ.ബി.എഫ്.സി. സംവരണത്തിനുള്ള ഓപ്ഷൻ നൽകിയിട്ടുള്ളവർ അപേക്ഷയിൽ മാറ്റം വരുത്തേണ്ടതില്ല. വിശദവിവരം വെബ്‌സൈറ്റുകളിൽ ലഭിക്കും. ഫോൺ: 0481-2733595, ഇമെയിൽ: cat@mgu.ac.in. പ്രവേശന പരീക്ഷ തീയതിയടക്കമുള്ള പുതുക്കിയ സമയക്രമം cat.mgu.ac.in, admission.mgu.ac.in (എം.ബി.എ. സംബന്ധിച്ച്) എന്നീ വെബ്‌സൈറ്റിലൂടെ പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/479/2020)

## എം.ജി. ബിരുദ പരീക്ഷകൾ മെയ് 26 മുതൽ; പി.ജി. പരീക്ഷകൾ ജൂൺ മൂന്ന് മുതൽ

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് മാറ്റിവച്ച യു.ജി. പരീക്ഷകൾ മെയ് 26 മുതൽ പുനരാരംഭിക്കുമെന്ന് മഹാത്മാഗാന്ധി സർവകലാശാല പരീക്ഷ കൺട്രോളർ അറിയിച്ചു. ആറാം സെമസ്റ്റർ സി.ബി.സി.എസ്. (റഗുലർ, പ്രൈവറ്റ്), സി.ബി.സി.എസ്.എസ്. (സപ്ലിമെന്ററി) ബിരുദ പരീക്ഷകൾ മെയ് 26 മുതൽ പുനരാരംഭിക്കും. നാലാം സെമസ്റ്റർ യു.ജി. പരീക്ഷകൾ മെയ് 27നും അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (പ്രൈവറ്റ്) പരീക്ഷകൾ ജൂൺ നാലിനും ആരംഭിക്കും. നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ ജൂൺ മൂന്നിന് ആരംഭിക്കും. ആറാം സെമസ്റ്റർ യു.ജി. പരീക്ഷകൾ മെയ് 26, 28, 30, ജൂൺ ഒന്ന് തീയതികളിലും നാലാം സെമസ്റ്റർ പരീക്ഷകൾ മെയ് 27, 29, ജൂൺ രണ്ട്, നാല് തീയതികളിലുമാണ് നടക്കുക. അഞ്ചാം സെമസ്റ്റർ പ്രൈവറ്റ് പരീക്ഷകൾ ജൂൺ നാല്, അഞ്ച്, ആറ്, എട്ട് തീയതികളിലും നാലാം സെമസ്റ്റർ പി.ജി. പരീക്ഷകൾ ജൂൺ മൂന്ന്, നാല്, അഞ്ച്, ആറ് തീയതികളിലും

നടക്കും. നാല്, ആറ് സെമസ്റ്ററുകളുടെ യു.ജി. മൂല്യനിർണയ ക്യാമ്പുകൾ ഹോംവാല്യുവേഷൻ രീതിയിൽ ജൂൺ എട്ടിന് ആരംഭിക്കും.

സർക്കാർ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാകും പരീക്ഷകൾ പുനരാരംഭിക്കുന്നത്. കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദേശങ്ങൾ കർശനമായി പാലിച്ചാണ് പരീക്ഷയും മൂല്യനിർണയവും നടത്തുക. ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാൻ കോളജുകൾക്ക് നിർദേശം നൽകും.

(പി.ആർ.ഒ/39/480/2020)

## പരീക്ഷ ഫലം

2019 സെപ്റ്റംബറിൽ നടന്ന എം.എഫ്.എ. അപ്ലൈഡ് ആർട്ട്, സ്കൾപ്ചർ, പെയിന്റിംഗ് (റഗുലർ/സപ്ലിമെന്ററി - പ്രീവിയസ്/ഫൈനൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മെയ് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/481/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ